**കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ്**
ഡയറക്ടർ (റിന്യൂവബിൾ എനർജി & പ്ലാനിംഗ്)-ന്റെ കാര്യാലയം
വൈദ്യുതി ഭവനം, പട്ടം, തിരുവനന്തപുരം - 695 004, കേരളം
ഫോൺ: +91 471 2447404, 9446008607 ഫാക്സ്: 0471 2558340
ഇ-മെയിൽ: dpkseb@kseb.in, dceplg@ksebnet.com

നം. ഡി.ആർ.ഇ.പി/സോളാർ/ജനറൽ/14-15/ തീയതി: 16.03.2015

# അറിയിപ്പ്

---

## വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന സൗരവൈദ്യുതി ഉല്പാദന സംവിധാനങ്ങളെ സംബന്ധിച്ച് ഉപഭോക്താക്കൾ അറിഞ്ഞിരിക്കേണ്ട കാര്യങ്ങൾ

---

### 1.0 പൊതുവിവരങ്ങൾ

1.1 കെ.എസ്.ഇ.ബി.യുടെ വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിച്ച് പ്രവർത്തിപ്പിക്കാവുന്ന സൗരവൈദ്യുതി ഉല്പാദന സംവിധാനങ്ങൾക്ക് (Grid Interactive Solar Plants) ഇപ്പോൾ കെ.എസ്.ഇ.ബി. അനുമതി നൽകുന്നുണ്ട്. ഇതു സംബന്ധിച്ച് 2014 ജൂൺ 10 ന് കേരള സംസ്ഥാന വൈദ്യുതി റഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ച ചട്ടങ്ങൾ പ്രകാരമാണ് അവയ്ക്ക് അനുമതി നൽകുന്നത്. കെ.എസ്.ഇ.ബി. യുടെ എല്ലാ ഉപഭോക്താക്കൾക്കും ഈ അനുമതി നൽകുന്നുണ്ട്.

1.2 കെ.എസ്.ഇ.ബി. യും ഉപഭോക്താവുമായി നിലവിലുള്ള സർവീസ് കണക്ഷൻ കരാറിൽ പറഞ്ഞിരിക്കുന്ന പരിസരത്ത് (കൺസ്യൂമർ പ്രിമൈസിസ്) മാത്രമാണ് ഇത്തരം നിലയങ്ങൾ സ്ഥാപിക്കാവുന്നത്. ഒരു കിലോവാട്ട് മുതൽ ഒരു മെഗാവാട്ട് വരെ ശേഷിയുള്ള പ്ലാന്റുകൾക്ക് വൈദ്യുതി വിതരണ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന് അനുമതി നൽകുന്നതാണ്.

1.3 ഉപഭോക്താവിനു നൽകിയിരിക്കുന്ന സപ്ലൈ വോൾട്ടത അനുസരിച്ച്, സ്ഥാപിക്കാവുന്ന നിലയങ്ങളുടെ ശേഷി താഴെ പറയുന്നു.

| വോൾട്ടത | ശേഷി (കിലോവാട്ട് പീക്കിൽ) |
|---|---|
| 240 വോൾട്ട് സിംഗിൾ ഫേസ് | 1 മുതൽ 5 വരെ |
| 415 വോൾട്ട് ത്രീ ഫേസ് | പരമാവധി 100 വരെ |
| 11 കിലോ വോൾട്ട് | പരമാവധി 1000 വരെ |

1.4 സോളാർ പ്ലാന്റുകൾ സ്ഥാപിക്കുമ്പോൾ, കെ.എസ്.ഇ.ബി. ശൃംഖലയിൽ നിന്നെടുത്ത് ഉപയോഗിച്ച വൈദ്യുതിയും (ഇറക്കുമതി) ശൃംഖലയിലേക്ക് കടത്തിവിട്ട വൈദ്യുതിയും (കയറ്റുമതി) തമ്മിലുള്ള വ്യത്യാസം അളക്കുന്ന ഉഭയദിശാ മീറ്ററും, സൗരപ്ലാന്റ് ഉല്പാദിപ്പിച്ച വൈദ്യുതി അളക്കുന്ന സോളാർ മീറ്ററും സ്ഥാപിക്കണം. അവ സ്വന്തമായി ഉപഭോക്താവിന് വാങ്ങാവുന്നതാണ്. കെ.എസ്.ഇ.ബി. യുടെ മീറ്ററുകൾ സ്ഥാപിക്കുമ്പോൾ നിലവിലുള്ള പ്രതിമാസ വാടക ബാധകമാണ്. അപേക്ഷകൻ സ്വന്തമായി വാങ്ങുന്ന മീറ്ററുകൾ യഥാസമയം ടെസ്റ്റ് ചെയ്യുന്നതിന് നേരത്തേതന്നെ അറിയിക്കണം.

1.5 ഉഭയദിശാ മീറ്ററിലെ നെറ്റ് റീഡിംഗ് (കയറ്റുമതി-ഇറക്കുമതി മിച്ചം) ആണ് ബില്ലിങ്ങിന് ഉപയോഗിക്കുക. ഇറക്കുമതി കൂടിനിൽക്കുമ്പോൾ, മിച്ചവൈദ്യുതിക്ക് നിലവിലുള്ള താരിപ്പിൽ ഉപഭോക്താവിന് ബില്ല് നൽകും.

1.6 എന്നാൽ, കയറ്റുമതി കൂടിനിൽക്കുമ്പോൾ, ഉപഭോക്താവ് പണം അടയ്ക്കേണ്ടതില്ല. കൂടാതെ മിച്ചവൈദ്യുതി അടുത്ത മാസം ഉപയോഗിക്കാവുന്നതാണ്. ഇത് അതിനടുത്ത മാസങ്ങളിലും തുടരാം. ഒടുവിൽ, എല്ലാവർഷവും സെപ്റ്റംബർ 30 ന് മീറ്ററിൽ കയറ്റുമതി മിച്ചമുണ്ടെങ്കിൽ, അത്രയും വൈദ്യുതി കെ.എസ്.ഇ.ബി. വാങ്ങിയതായി പരിഗണിച്ച് വില നൽകും. ഇപ്രകാരം ഒക്ടോബർ 1 മുതൽ സെപ്റ്റംബർ 30 വരെയുള്ള കാലയളവിനെ സെറ്റിൽമെന്റ് പിരീഡ് എന്നാണ് പറയുക. റഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന, കെ.എസ്.ഇ.ബി. പുറമേനിന്ന് വാങ്ങുന്ന വൈദ്യുതിയുടെ ശരാശരി വാങ്ങൽവില നിരക്കിലാണ് വില നൽകുക.

1.7 ഒരു ഉപഭോക്താവിന് ഒരു കൺസ്യൂമർ പരിസരത്ത് ഒന്ന് എന്ന വിധത്തിൽ നിരവധി കൺസ്യൂമർ പരിസരത്ത് സൗരവൈദ്യുതി സംവിധാനങ്ങൾ വൈദ്യുതിവിതരണ ശൃംഖലയുമായി ബന്ധിപ്പിയ്ക്കാവുന്നതാണ്.

1.8 ഒരു സ്ഥലത്ത് ഉല്പാദിപ്പിച്ച വൈദ്യുതി അതേ ഉപഭോക്താവിന്റെ തന്നെ മറ്റിടങ്ങളിൽ ഉപയോഗിക്കാവുന്നതാണ്. അതിന് താഴെ പറയുന്ന വ്യവസ്ഥകൾ ബാധകമാണ്. (1) ആ സ്ഥലങ്ങളിലെ കണക്ഷൻ എഗ്രിമെന്റ് സ്വന്തം പേരിലായിരിക്കണം, (2) ഉല്പാദനസ്ഥലത്തെ കയറ്റുമതിമിച്ചം (സൗരോർജ്ജം ഉല്പാദിപ്പിക്കുന്ന കൺസ്യൂമർ പരിസരത്തെ ഉപഭോഗം കുറച്ചതിനു ശേഷം) പ്രതിമാസം 500 യൂണിറ്റോ അതിലധികമോ ആയിരിക്കണം, (3) സ്ഥലങ്ങളുടെ മുൻഗണനാക്രമം മുൻകൂട്ടി അപേക്ഷയോടൊപ്പം അറിയിക്കണം, (4) കയറ്റുമതി മിച്ചത്തിന്റെ 5% വിതരണനഷ്ടമായും മറ്റു ചെലവുകൾക്കായും കുറവു ചെയ്യും.

1.9 ടി.ഒ.ഡി. (ടൈം ഓഫ് ഡേ) ആധാരമായ ബില്ലിംഗ് സമ്പ്രദായത്തിലുള്ള ഉപഭോക്താക്കൾ ഉല്പാദിപ്പിക്കുന്ന സൗരവൈദ്യുതിയുടെ ഉപയോഗം (1) ആദ്യം രാവിലെ 6 മണി മുതൽ വൈകുന്നേരം 6 മണി വരെയുള്ള സമയത്തും (നോർമൽ പീരീഡ്), (2) മിച്ചമുണ്ടെങ്കിൽ അത് വൈകുന്നേരം 6 മണി മുതൽ രാത്രി 10 മണി വരെയുള്ള സമയത്തും (പീക്ക് പീരീഡ്), (3) വീണ്ടും മിച്ചമുണ്ടെങ്കിൽ അത് രാത്രി 10 മണി മുതൽ രാവിലെ 6 മണി വരെയുള്ള സമയത്തും (ഓഫ്-പീക്ക് പീരീഡ്) ഉപയോഗിച്ചതായി കണക്കാക്കും.

1.10 സൗരവൈദ്യുതി നിലയങ്ങളുടെ രൂപകൽപ്പന, നിർമാണഇണം, പ്രതിഷ്ഠാപനം, സുരക്ഷിതമായ പ്രവർത്തനം തുടങ്ങിയവ ഉപഭോക്താവിന്റെ പൂർണ്ണ ഉത്തരവാദിത്തം ആയിരിക്കും. കേന്ദ്ര വൈദ്യുതി അതോറിറ്റിയുടെ 2013 ലെ "*ടെക്നിക്കൽ സ്റ്റാൻഡേർഡ്സ് ഓഫ് കണക്റ്റിവിറ്റി ഫോർ ഡിസ്ട്രിബ്യൂട്ടഡ് ജനറേഷൻ റിസോഴ്സസ്*" എന്ന റഗുലേഷൻ അനുസരിച്ചാണ് നിലയങ്ങൾ സ്ഥാപിക്കേണ്ടതും പ്രവർത്തിപ്പിക്കേണ്ടതും.

1.11 അടിയന്തിരഘട്ടങ്ങളിൽ കെ.എസ്.ഇ.ബി. ആവശ്യപ്പെട്ടാൽ, സൗരോർജ്ജസംവിധാനം പരിശോധിയ്ക്കുവാൻ അനുവദിക്കേണ്ടതാണ്.

**2.0 അനുമതിയ്ക്കുള്ള നടപടിക്രമങ്ങൾ**

2.1 സൗരവൈദ്യുതിനിലയങ്ങൾ കെ.എസ്.ഇ.ബി. യുടെ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിന്, അനുബന്ധം-1 ലെ അപേക്ഷ പൂരിപ്പിച്ച്, അതാത് സ്ഥലത്തെ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസുകളിൽ നൽകേണ്ടതാണ്. അപേക്ഷാഫീസായി 1000 രൂപ പണമായോ, അസിസ്റ്റന്റ് എൻജിനീയറുടെ പേരിലെടുത്ത ബാങ്ക് ഡിമാന്റ് ഡ്രാഫ്റ്റ് ആയോ അടക്കണം.

2.2 നിലയം വിതരണശൃംഖലയിൽ ഘടിപ്പിക്കാൻ കഴിയുമോ എന്നു പരിശോധിച്ച് 15 ദിവസത്തിനുള്ളിൽ അപേക്ഷകനെ സാധ്യതാപത്രം (ഫീസിബിലിറ്റി സർട്ടിഫിക്കറ്റ്) മുഖേന അറിയിക്കും. അതിന് 30 ദിവസത്ത പ്രാബല്യമുണ്ട്. നിലയം ഘടിപ്പിക്കാൻ ഉദ്ദേശിക്കുന്ന ഫീഡറിലെ ഏറ്റവും കുറഞ്ഞ ലോഡിന്റെ 80% വരെയാണ് ആ ഫീഡറിൽ ബന്ധിപ്പിക്കാവുന്ന പരമാവധി സൗരനിലയശേഷി.

2.3 തുടർന്ന് സാധ്യതാപത്ര തീയതി മുതൽ 30 ദിവസത്തിനുള്ളിൽ അപേക്ഷകൻ അനുബന്ധം-2 ലെ അപേക്ഷാമാതൃകയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്. നിലയത്തിന്റെ ശേഷി കിലോവാട്ടിന് 1000 രൂപ എന്ന നിരക്കിലാണ് രജിസ്ട്രേഷൻ ഫീസ്. (ഭിന്നസംഖ്യകൾ തൊട്ടുയർന്ന പൂർണ്ണസംഖ്യയായി കണക്കാക്കും)

2.4 എനർജി മീറ്ററുകൾ സ്വന്തമായി വാങ്ങാൻ ആഗ്രഹിക്കുന്ന ഉപഭോക്താക്കൾ കെ.എസ്.ഇ.ബി. നിശ്ചയിച്ചിരിക്കുന്ന തരം മീറ്ററുകൾ വാങ്ങിയശേഷം അവ ടെസ്റ്റു ചെയ്തുകിട്ടുന്നതിന് ബന്ധപ്പെട്ട സെക്ഷൻ ഓഫീസിൽ അറിയിക്കേണ്ടതാണ്.

2.5 ഉപഭോക്താക്കൾ സ്വന്തമായി വാങ്ങുന്ന നെറ്റ് മീറ്റർ (Net Meter), സോളാർ മീറ്റർ എന്നിവ ടെസ്റ്റ് ചെയ്തു സ്ഥാപിക്കുവാൻ കെ.എസ്.ഇ.ബി. ബാദ്ധ്യസ്ഥമാണ്.

2.6 അതേത്തുടർന്ന് ആറുമാസത്തിനുള്ളിൽ അംഗീകൃത വയർമാൻ / സൂപ്പർ വൈസർ / കോൺട്രാക്ടർ മുഖേന നിലയം സ്ഥാപിക്കണം. അതിനുശേഷം ബന്ധപ്പെട്ട ഇലക്ട്രിക്കൽ ഇൻസ്പെക്ടറിൽ നിന്ന് അനുമതി (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) വാങ്ങണം.

2.7 മേൽ അനുമതിപത്രവും സ്ഥാപിച്ച നിലയത്തിന്റെ സാങ്കേതിക വിവരങ്ങളും അതിന്റെ നിർമ്മാതാവ് നൽകിയ ടൈപ്-ടെസ്റ്റ് റിപ്പോർട്ടും അടക്കം അനുബന്ധം-3 പ്രകാരം നിലയം ടെസ്റ്റു ചെയ്യുന്നതിന് അപേക്ഷിക്കാം. തുടർന്ന് നിലയം കെ.എസ്.ഇ.ബി. ടെസ്റ്റു ചെയ്യും. അതിനുശേഷം 15 ദിവസത്തിനുള്ളിൽ നെറ്റ്-മീറ്റർ എഗ്രിമെന്റ് ഒപ്പുവയ്ക്കണം. അതു കഴിഞ്ഞ് 7 ദിവസത്തിനുള്ളിൽ മീറ്ററുകൾ ഘടിപ്പിച്ച് നിലയം ശൃംഖലയുമായി ബന്ധിപ്പിച്ചു നല്കും. അതിനു ശേഷം നിലയം പ്രവർത്തിപ്പിക്കാവുന്നതാണ്.

(ഒപ്പ്)
**വത്സകുമാരി കെ.**
**ഡയറക്ടർ (റിന്യൂവബിൾ എനർജി & പ്ലാനിംഗ്)**

അനുബന്ധം - 1, 2, 3

<u>അനുബന്ധം-1</u>

## സൗരോർജ്ജ നിലയങ്ങൾ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ

(കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 2014 ലെ "ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം" എന്ന ചട്ടത്തിലെ 13 (1) എന്ന വകുപ്പ് പ്രകാരമുള്ളത്)

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | കണക്ടഡ് ലോഡ് / കോൺട്രാക്ട് ഡിമാന്റ് | |
| 3 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | ഉപഭോക്താവ് ഉൽപ്പാദിപ്പിച്ച സൗരോർജ്ജം സ്വന്തമായുള്ള മറ്റ് സ്ഥലങ്ങളിൽ ഉപയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് | |
| 5 | ഉപഭോക്താവിനെ ടി.ഒ.ഡി. രീതിയിലാണോ ബില്ല് ചെയ്യുന്നത് എന്ന് | |
| 6 | സൗരോർജ്ജനിലയം കെട്ടിടത്തിനു മുകളിലാണോ, തറയിലാണോ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് | |
| 7 | നിലയ സ്ഥാപനം എന്ന് പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു | |

സ്ഥലം:

തീയതി: ഉപഭോക്താവിന്റെ ഒപ്പ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

### കൈപറ്റരസീത്

സൗരോർജ്ജ നിലയം ശൃംഖലയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്: ..............................................................................

തീയതി: ..........................................................................

കൺസ്യൂമർ നമ്പർ: ..............................................................

അപേക്ഷാഫീസ് അടച്ചിട്ടുണ്ടോ എന്ന്: ...................................

അപേക്ഷാ രജിസ്ട്രേഷൻ നമ്പർ: ..........................................

സൗരോർജ്ജ നിലയത്തിന്റെ ശേഷി: .......................................

ഉദ്യോഗസ്ഥന്റെ പേര്:..................................

ഉദ്യോഗപ്പേര്: ....................................

(ഓഫീസ് മുദ്ര) ഒപ്പ്..................................................

അനുബന്ധം-2

## സൗരോർജ്ജ നിലയപദ്ധതികൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ

(കേരള സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷന്റെ 2014 ലെ "ഗ്രിഡ് ഇന്ററാക്ടീവ് ഡിസ്ട്രിബ്യൂട്ടഡ് സോളാർ എനർജി സിസ്റ്റം" എന്ന ചട്ടത്തിലെ 13 (7) എന്ന വകുപ്പ് പ്രകാരമുള്ളത്)

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | കണക്ടഡ് ലോഡ് / കോൺട്രാക്ട് ഡിമാന്റ് | |
| 3 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സൗരപ്പാളികൾ, ഗ്രിഡ്-ടൈഡ് ഇൻവെർട്ടർ, ഇന്റർലോക്കിംഗ് സംവിധാനം എന്നിവ സംബന്ധിച്ച ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 5 | സ്ഥാപിക്കാനുദ്ദേശിക്കുന്ന സോളാർ മീറ്ററും നെറ്റ്മീറ്ററും സ്വയം വാങ്ങാൻ ഉദ്ദേശിക്കുന്നോ എന്നും അവയുടെ ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 6 | സൗരോർജ്ജനിലയ പദ്ധതിയുടെ സാങ്കേതിക ചിത്രങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 7 | നിലയ സ്ഥാപനം എന്നു പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നു എന്ന് | |

സ്ഥലം:

തീയതി: ഉപഭോക്താവിന്റെ ഒപ്പ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

**കൈപ്പറ്റരസീത്**

സൗരോർജ്ജനിലയപദ്ധതി രജിസ്റ്റർ ചെയ്യുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്: ……………………………………………………………

തീയതി: …………………………………………………………….

കൺസ്യൂമർ നമ്പർ: ………………………………………………………

സൗരോർജ്ജ നിലയത്തിന്റെ ശേഷി: ……………………………………...

ഉദ്യോഗസ്ഥന്റെ പേര്:……………………….

ഉദ്യോഗപ്പേര്…………………………………

(ഓഫീസ് മുദ്ര) ഒപ്പ്……………………………………………

അനുബന്ധം-3

## സൗരോർജ്ജ നിലയപദ്ധതികൾ സ്ഥാപിച്ച കഴിഞ്ഞ് ടെസ്റ്റ് ചെയ്യുന്നതിനുള്ള അപേക്ഷ

| | | |
|---|---|---|
| 1 | പേര്, കൺസ്യൂമർ നമ്പർ, കാറ്റഗറി, ടെലിഫോൺ നമ്പർ, ഇ-മെയിൽ അഡ്രസ്സ് എന്നിവയും പൂർണ്ണവിലാസവും | |
| 2 | സോളാർ രജിസ്ട്രേഷൻ നമ്പർ | |
| 3 | സ്ഥാപിച്ച സൗരോർജ്ജനിലയത്തിന്റെ ശേഷി | |
| 4 | സൗരപ്പാളികൾ, ഗ്രിഡ്-ടൈഡ് ഇൻവെർട്ടർ, ഇന്റർലോക്കിംഗ് സംവിധാനം എന്നിവ സംബന്ധിച്ച ടെക്നിക്കൽ സ്പെസിഫിക്കേഷനും മറ്റുകാര്യങ്ങളും അനുബന്ധമായി ചേർത്തിട്ടുണ്ടോ എന്ന് | |
| 5 | ഇലക്ട്രിക്കൽ ഇൻസ്പെക്ടറുടെ അനുമതിപത്രം (എനർജൈസേഷൻ സർട്ടിഫിക്കറ്റ്) അനുബന്ധമായി ചേത്തിട്ടുണ്ടോ എന്ന് | |

സ്ഥലം:

തീയതി: ഉപഭോക്താവിന്റെ ഒപ്പ്

- - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - - -

### കൈപ്പറ്റുരസീത്

സൗരോർജ്ജനിലയപദ്ധതി ടെസ്റ്റ് ചെയ്ത് ശൃംഖലയിൽ ഘടിപ്പിക്കുന്നതിനുള്ള അപേക്ഷ ലഭിച്ചിട്ടുണ്ട്.

പേര്:..............................................................

തീയതി:............................................................

കൺസ്യൂമർ നമ്പർ:..................................................

സൗരോർജ്ജ നിലയത്തിന്റെ ശേഷി:.................................

ഉദ്യോഗസ്ഥന്റെ പേര്:.................................

ഉദ്യോഗപ്പേര്................................

(ഓഫീസ് മുദ്ര) ഒപ്പ്..........................................

.